# പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :2164 23.03.2012-ൽ മറുപടിയ്ക്ക്

## ലോക്കൽ ഗവൺമെന്റ് സർവ്വീസസ് ഡെലിവറി പ്രോജക്ടിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ടി.എൻ പ്രതാപൻ:<br>ശ്രീ. കെ.ശിവദാസൻ നായർ:<br>ശ്രീ. ഹൈബി ഈഡൻ:<br>ശ്രീ.പി.എ.മാധവൻ: | ഡോ: എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യ ക്ഷേമവും വകുപ്പു മന്ത്രി) |
| (എ) കേരള ലോക്കൽ ഗവൺമെന്റ് സർവ്വീസസ് ഡെലിവറി പ്രോജക്ടിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; | (എ) അധികാര വികേന്ദ്രീകരണ പ്രക്രിയയിലൂടെ ഭരണഘടന വിഭാവനം ചെയ്യുന്ന രീതിയിലുളള പഞ്ചായത്തീരാജ് സംവിധാനം നടപ്പിലാക്കുന്നതിൽ കേരളം മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയായി തീർന്നിട്ടുണ്ട്. വികേന്ദ്രീകൃത ആസൂത്രണ പ്രക്രിയയിൽ കേരളം കൈവരിച്ച നേട്ടങ്ങളെ അടുത്ത തലത്തിലേക്ക് ഉയർത്തുക എന്നതാണ് സംസ്ഥാനം നേരിടുന്ന മുഖ്യ വെല്ലുവിളി. ഇത്തരം ഒരു സാഹചര്യത്തിൽ അധികാര വികേന്ദ്രീകരണപ്രക്രിയ വ്യവസ്ഥാപിതമാക്കുന്നതിനും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുമായി കേരള സർക്കാർ ലോക ബാങ്ക് സഹായത്തോടെ രൂപം കൊടുത്തിരിക്കുന്ന പദ്ധതിയാണ് കേരള ലോക്കൽ ഗവൺമെന്റ് സർവ്വീസ് ഡെലിവറി പ്രോജക്ട്.<br>കേരളത്തിലെ 978 ഗ്രാമ പഞ്ചായത്തുകളും 60 മുനിസിപ്പാലിറ്റികളുമാണ്പ്രോജക്ടിന്റെ ഗുണഭോക്താക്കൾ. |
| (ബി) ഈ പ്രോജക്ടിന്റെ സവിശേഷതകളും ഘടകങ്ങളും എന്തെല്ലാം; | (ബി) തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ കണക്കുകൾ കൃത്യമായി സൂക്ഷിക്കുക വഴി ശക്തമായ വിവരാടിത്തറ സൃഷ്ടിക്കൽ, ഓരോ വർഷവും ഒറ്റത്തവണയായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ധനസഹായം, വർഷാവസാനം ക്യാരിഓവർ സംവിധാനം, സേവന പ്രദാനം മെച്ചപ്പെടുത്തുന്നതിന് മുൻഗണന, മേഖലാ നിബന്ധനകളില്ലാതെ വിഹിതം നൽകൽ, നിലവിലെ വ്യവസ്ഥ പ്രകാരമുളള ആസൂത്രണ നിർവ്വഹണ പ്രക്രിയയും അക്കൗണ്ടിംഗ് ഓഡിറ്റ് രീതികളും, പാരിസ്ഥിതിക സംരക്ഷണത്തിനും സാമൂഹ്യ സുരക്ഷക്കും പ്രത്യേകം |

ഊന്നലും, വാർഷിക പ്രവർത്തന വിലയിരുത്തലും മോണിറ്ററിംഗും നടത്തി വികേന്ദ്രീകൃതാസൂത്രണം വ്യവസ്ഥാപിത മാക്കലുമാണ് ഈ പ്രോജക്ടിന്റെ സവിശേഷതകൾ.

പെർഫോമൻസ് ഗ്രാന്റ്, കാര്യശേഷി വികസനം, തദ്ദേശസ്വയംഭരണ സംവിധാനത്തിന്റെ സംസ്ഥാന സർക്കാർ തലത്തിലുള്ള മോണിറ്ററിംഗ് ശക്തിപ്പെടുത്തൽ, പ്രോജക്ട് മാനേജ്മെന്റും നിർവ്വഹണവും എന്നിങ്ങനെ നാല് ഘടകങ്ങളാണ് കെ.എൽ.ജി.എസ്.ഡി.പി-യ്ക്ക് ഉള്ളത്.

(സി) വികേന്ദ്രീകൃതാസൂത്രണം വ്യവസ്ഥാപിതമാക്കുന്നതിന് എന്തെല്ലാം കാര്യങ്ങൾക്കാണ് ഈ പ്രോജക്ടിൽ ഊന്നൽ നൽകിയിട്ടുള്ളത്.

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കാര്യശേഷി വികസനം, വിപുലമായി വിവരശേഖരം, വിലയിരുത്തൽ പഠനങ്ങൾ, സുതാര്യതയും അക്കൗണ്ടിംഗും റിപ്പോർട്ടിംഗും കാര്യക്ഷമമാക്കൽ, ജനപങ്കാളിത്തം ഉറപ്പാക്കൽ, സേവന പ്രദാനം മെച്ചപ്പെടുത്തൽ, പ്രോജക്ടുകളിൽ സാമൂഹ്യ സുരക്ഷയും പരിസ്ഥിതി പരിപാലനവും ഉറപ്പാക്കൽ എന്നിവ മുഖേന വികേന്ദ്രീകൃതാസൂത്രണം വ്യവസ്ഥാപിതമാക്കുന്നതിനാണ് ഈ പ്രോജക്ടിൽ ഊന്നൽ നൽകിയിട്ടുള്ളത്.

സെക്ഷൻ ഓഫീസർ